| | |
|---|---|
| Headline: AUM of ETF based on Nifty 50 jumped nearly six-fold in one year | Kerala |
| Source: Matrubhoomi – Malayalam Daily | Date: 09 June, 2016 |

# നിഫ്റ്റി 50 അടിസ്ഥാന ഇ.ടി.എഫ്. മൂല്യങ്ങളുടെ ആറുമടങ്ങ് വർധിച്ചു

**കൊച്ചി:** ഓഹരി അടിസ്ഥാന എക്സ്ചേഞ്ച് ട്രേഡ് ഫണ്ടുകളിൽ (ഇ.ടി.എഫ്.) ഇന്ത്യൻ ഓഹരി വിപണിയുടെ അളവുകോലായ നിഫ്റ്റി 50 സൂചികയിൽ ഏകദേശം ആറുമടങ്ങ് വർധന.

നിഫ്റ്റി 50 സൂചികയിൽ അസറ്റ് അണ്ടർ മാനേജ് മെൻറുകളുടെ മൂല്യം ഉയർന്ന് മാർച്ച് 31 ന് 8,533 കോടി രൂപയിലെത്തി. 2015 മാർച്ചിൽ ഇത് 1,251 കോടി രൂപയായിരുന്നു.

ഇടിഎഫ് വിപണിയുടെ ആകെ മൂല്യം 2016 മാർച്ചിൽ 15,066 കോടി രൂപയിലെത്തി. 2015 മാർച്ചിൽ ഇത് 7231 കോടി രൂപയായിരുന്നു. ചെറുകിട നിക്ഷേപകന് 100 രൂപയിൽ തുടങ്ങി ഇ.ടി.എഫുകൾ വാങ്ങാൻ സാധിക്കും.

ഇത് എളുപ്പത്തിൽ ഓഹരിയായി വാങ്ങാനും വിൽക്കാനും സാധിക്കും.

ചെലവുകൾ മ്യൂച്വൽ ഫണ്ടുകളെ അപേക്ഷിച്ച് കുറവുമാണ്.